"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാറശാല എം എസ് സി കോർപ്പറേറ്റ് മാനേജ് മെന്റിന്റെ പരിധിയിലുള്ള ഹൈസ്കൂളുകളിൽ 2022-23 അധ്യയന വർഷം മുതലുള്ള അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് മാനേജർ സമർപ്പിച്ച നിവേദനം - നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അന്വേഷണത്തിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ടും യാത്രാനുമതി നൽകിക്കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10486/2025/GEDN തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:- 1. പാറശാല എം എസ് സി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

പാറശാല എം എസ് സി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പരിധിയിലുള്ള ഹൈസ്കൂളുകളിൽ 2022-23 അധ്യയന വർഷം മുതൽ തസ്തിക നിർണ്ണയം വഴി സർക്കാർ അനുവദിച്ച നൽകിയ അധിക തസ്തികകളിലും മറ്റ് റഗുലർ ഒഴിവുകളിലും നിയമിതരായ 43/51 എ അവകാശികളായ അധ്യാപക -അനധ്യാപക ജീവനക്കാരുടെ നിയമനം/സ്ഥാനക്കയറ്റ നിയമനം ചട്ടപ്രകാരം അംഗീകരിക്കുന്നതിനും, ശേഷിക്കുന്ന അധിക തസ്തികകളിൽ 2022-23 മുതൽ നേരിട്ട് നിയമിതരായിട്ടുള്ള അധ്യാപക-അനധ്യാപക ജീവനക്കാരുടെ നിയമനങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ അന്തിമ വിധിയ്ക്ക് വിധേയമായി അംഗീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എം എസ് സി കോർപ്പറേറ്റ് മാനേജർ പരാമർശപ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശ നിവേദനത്തിന്മേൽ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ 30.12.2025 തീയതിയിൽ നേരിട്ട് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ (ജെ.എ/ജെ.ആർ) വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. ജയകുമാർ. സി. എസ്. നെ ചുമതലപ്പെടുത്തിക്കൊണ്ടും പൊതു വിദ്യാഭ്യാസ (എച്ച്) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ.ഗിരീഷ് പറമ്പത്ത്, പൊതു വിദ്യാഭ്യാസ (എ) വകുപ്പിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ശ്രീ.അശോക കുമാർ എസ് എന്നിവരെക്കൂടി അന്വേഷണ സംഘത്തിൽ ഉൾപ്പെടുത്തിക്കൊണ്ടും, പ്രസ്തുത അന്വേഷണം നടത്തുന്നതിലേക്കായി ടി ഉദ്യോഗസ്ഥർക്ക് യാത്രാനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

ടി അന്വേഷണവുമായി ബന്ധപ്പെട്ട ഫയലുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണ സംഘത്തിന് ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട ഓഫീസർമാർ അന്നേ ദിവസം ഓഫീസിൽ ഹാജരായിരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീ. ജയകുമാർ. സി. എസ്., ജോയിന്റ് സെക്രട്ടറി, പൊതു വിദ്യാഭ്യാസ (ജെ.എ/ജെ.ആർ) വകുപ്പ്.
ശ്രീ.ഗിരീഷ് പറമ്പത്ത്, സെക്ഷൻ ഓഫീസർ, പൊതു വിദ്യാഭ്യാസ (എച്ച്) വകുപ്പ്.
ശ്രീ.അശോക കുമാർ എസ് , അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പൊതു വിദ്യാഭ്യാസ (എ) വകുപ്പ്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര.
പൊതുഭരണ അക്കൗണ്ട്സ് / ബഡ്ജറ്റ് വിംഗ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/179/2025/പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 24-12-2025 12:33:44

സെക്ഷൻ ഓഫീസർ